HON'BLE MR. K. R. ELANKATH: പ്രൈവറ്റ് ബസ്സുകളിൽ ഓവർ ലോഡുകൂടി കയറ്റുകയാണെങ്കിൽ അവരുടെമേൽ ഗവണ്മെന്റ് നടപടി എടുക്കുന്നതായിരിക്കും.

MR. P. S. NATARAJA PILLAI; Is there any system of reservation in the Express Bus that runs to Vaikom?

HON'BLE MR. K. R. ELANKATH: റിസർവേഷൻ എന്ന് ഒന്നുണ്ട്

MR. K. SIVARAMA PILLAI (*Thovala--General*): What is the Maximum percentage of overloading allowed to ordinary buses?

HON'BLE MR. K. R. ELANKATH: ചിലപ്പോൾ രണ്ടോ മൂന്നോ ആളുകളെ കൂടുതൽ കയറി എന്നു വന്നേക്കാം.

പിന്നോക്കസമുദായക്കാരുടെ സ്ഥലങ്ങൾ.

* 253. **MR. P. K. KRISHNAN SASTRI** (*Meenachil II---Pulayas Reserved*):

താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

പിന്നോക്കസമുദായങ്ങളുടെ പൊതു ഉപയോഗത്തിലിരുന്നതും പിന്നോക്കസമുദായങ്ങൾക്കായി പ്രത്യേകം തിരിച്ചിടപ്പെട്ടിരുന്നതുമായ പല സ്ഥലങ്ങളും ഇപ്പോൾ ഇതരസമുദായക്കാർ ബലം പ്രയോഗിച്ചു കൈവശപ്പെടുത്തിവരുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: പിന്നോക്കസമുദായങ്ങൾക്കു പ്രത്യേകം തിരിച്ചിട്ടിരുന്ന സ്ഥലങ്ങൾ ഇതരസമുദായക്കാർ കൈയ്വശപ്പെടുത്തിയിട്ടുള്ളതായി ഗവണ്മെന്റിനറിവില്ല.

MR. P. K. KRISHNAN SASTRI: പിന്നോക്കസമുദായങ്ങൾക്കുവേണ്ടി അനുവദിക്കപ്പെട്ടിരുന്ന സ്ഥലങ്ങൾ അതാതു സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം സ്വാധീനശക്തിയുള്ള ആളുകൾക്കു കൊടുത്തിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചതു്.

HON'BLE MR. T. K. NARAYANA PILLAI: ഈ മാതിരിയുള്ള സംഗതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാ എന്നു ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

MR. P. K. KRISHNAN SASTRI: ഞാൻ പറഞ്ഞതു ശരിയാണെന്നു ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടാൽ വേണ്ട നടപടി എടുക്കുന്നതിൽ ഗവണ്മെന്റിനു മടിയുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : നിശ്ചയമായിട്ടു.

MR. P. C. ADICHAN (*Kunnathur II—Kurava*) : പൊന്നും വില കൊടുത്തെടുക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലങ്ങളിൽനിന്ന് അതാതു ഡിവിഷനിലെ ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടി അവർക്ക് ഇഷ്ടമുള്ള അളകൾക്കു പതിച്ചുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

MR. PRESIDENT : ആ ചോദ്യത്തിനു പ്രസക്തിയില്ല.

MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya*) : ഒഴിച്ചിടപ്പെട്ട സ്ഥലങ്ങൾ അന്യാധീനപ്പെട്ടുപോയാൽ ആ സ്ഥലങ്ങളിലേക്കുള്ള കരം ഈടാക്കുന്നതിന് എന്തു നിയമമാണുള്ളതെന്നറിയാമോ

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ഈടാക്കുന്നുണ്ടെങ്കിൽ അതിനു നിയമവും കാണും.

MR. T. T. KESAVAN SASTRI : ഈയർ മാക്ക് ചെയ്തിട്ടുള്ള എല്ലാ സ്ഥലങ്ങളേയും ഒരു ശരിയായ കണക്കെടുത്തു പ്രസിദ്ധപ്പെടുത്തുന്നതിനു ഗവണ്മെൻറിൽനിന്നും വേണ്ട ഏർപ്പാട് ചെയ്യുമോ?

MR. PRESIDENT : ആ ചോദ്യവും ചോദിക്കപ്പെടാവുന്നതല്ല.

വളം ഡിപ്പോ.

*254. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മഞ്ഞപ്ര പകുതിയിൽ ഒരു വളം ഡിപ്പോ സ്ഥാപിച്ച് സഹായിക്കാൻ പൊതുജനങ്ങൾ ചേർന്ന് അപേക്ഷിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI (എ) ഉണ്ട്.

(ബി) മഞ്ഞപ്ര എന്ന സ്ഥലത്തും കോതകുളങ്ങര പകുതിയിലും കാരോ വളം ഡിപ്പോ സ്ഥാപിക്കുന്നതിന് ഗവണ്മെൻറ് നടപടി നടത്തിവരികയാണ്.

Government rubber factory.

255. MRS. DEVAKI GOPIDAS (*Kottayam I—General*) : Will the Hon'ble Minister for Industries be pleased to state :

(a) under whose management Government Rubber Factory at Trivandrum is being conducted at present ;

LIBRARY ARCHIVES Kerala Legislative Assembly